പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

17.12.2014 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4497

## ടാപ്പിംഗ് തൊഴിലാളികളുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലയിടിവു മൂലം കേരളത്തിലെ ടാപ്പിംഗ് തൊഴിലാളികൾ സാമ്പത്തിക പ്രതിസന്ധിയിലായ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിലത്തകർച്ചമൂലം തൊഴിൽ നഷ്ടപ്പെട്ട് കുടുംബം പട്ടിണിയിലായ തോട്ടം തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) പ്രവർത്തന രഹിതമായ തോട്ടങ്ങളിലെ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ആശ്വാസം എത്തിക്കുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം വിലത്തകർച്ചമൂലം കഷ്ടപ്പെടുന്ന തോട്ടം തൊഴിലാളികൾക്കു കൂടി ബാധകമാക്കുന്ന വിഷയം പരിശോധി ക്കാവുന്നതാണ്. |
| (സി)ടാപ്പിംഗ് തൊഴിലാളി കുടുംബങ്ങളിലെ പട്ടിണിയകറ്റാൻ സൗജന്യ റേഷൻ നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ തൊഴിലാളികളുടെ കുടുംബത്തിന് സൗജന്യ റേഷൻ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;<br><br>(ഡി) വൻകിട തോട്ടങ്ങളിൽ തൊഴിൽ ചെയ്യുന്ന ട്രേഡ് യൂണിയൻ തൊഴിലാളികൾക്കും ചെറുകിട റബ്ബർ തോട്ടങ്ങളിൽ ടാപ്പിംഗ് ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾക്കും ഒരുപോലെ സൗജന്യ റേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ